"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി വികസനം - ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി - മലപ്പുറം ജില്ലയിലെ താനൂർ മുനിസിപ്പാലിറ്റിയിലെ താമസക്കാരിയും പട്ടികജാതിയിലെ ദുർബല വിഭാഗമായ കളളാടി വിഭാഗത്തിൽപ്പെട്ട ശ്രീമതി. ബിൻസി ടി. (W/o സുരേഷ് ബാബു, ചക്കാലക്കൽ പറമ്പിൽ, താനൂർ) എന്നവർക്ക് വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായത്തിന് പ്രത്യേക അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.271/2025/SCSTD തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.33/2024/SCSTDD തീയതി 19.10.2024.
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 21.03.2025-ലെ SCDD/3018/2023-A1 (DEV-A) നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ താനൂർ മുനിസിപ്പാലിറ്റിയിലെ താമസക്കാരിയും പട്ടികജാതിയിലെ ദുർബല വിഭാഗമായ കളളാടി വിഭാഗത്തിൽപ്പെട്ട ശ്രീമതി. ബിൻസി ടി. (W/o സുരേഷ് ബാബു, ചക്കാലക്കൽ പറമ്പിൽ, താനൂർ)-ഉം ഭർത്താവും രണ്ട് പെൺമക്കളും അടങ്ങിയ കുടുംബത്തിന് ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തത് കാരണം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം വഴിയോ വകുപ്പ് മുഖേനയോ വീട് നിർമ്മിക്കാനുള്ള ധനസഹായം ലഭിച്ചിരുന്നില്ല. ഭർത്താവ് ശ്രീ. സുരേഷ് ബാബു തിരൂർ താലൂക്കിലെ തലക്കാട് വില്ലേജ് സ്വദേശിയും കൂലിപ്പണിക്കാരനുമാണ്. ശ്രീമതി. ബിൻസിക്ക് ജോലി ഒന്നും ഇല്ല. കൂടാതെ ശ്രീ. സുരേഷ് ബാബുവിനും ശ്രീമതി. ബിൻസിക്കും താനൂർ വില്ലേജ് പരിധിയിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ല. ശ്രീമതി. ബിൻസിക്ക് കുടുംബ ഓഹരിയായി താനൂർ വില്ലേജ് പരിധിയിൽ 2.4 സെന്റ് ഭൂമിയും ശ്രീ. സുരേഷ് ബാബുവിന് തലക്കാട് വില്ലേജ് പരിധിയിൽ കുടുംബ ഓഹരിയായി 2.1 സെന്റ് ഭൂമിയും ലഭിക്കാനുണ്ടെങ്കിലും കുടുംബ ഓഹരിയായി ലഭിക്കാനുള്ള ഭൂമിയ്ക്ക് വിസ്തൃതി കുറവായതിനാൽ വീട് നിർമ്മിക്കുന്നതിന് പര്യാപ്തമല്ല. ദുർബല വിഭാഗമായ കളളാടി വിഭാഗത്തത്തിൽപ്പെട്ട ഇവർ വർഷങ്ങളായി വാടക വീട്ടിലാണ് താമസിക്കുന്നത്. ആയതിനാൽ, നിലവിൽ ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീമതി. ബിൻസിക്ക് അവരുടെ നിലവിലെ ശോചനീയാവസ്ഥ കണക്കിലെടുത്ത് വകുപ്പിന്റെ "പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പ്രത്യേക പുനരധിവാസ പദ്ധതിയിൽ" ഉൾപ്പെടുത്തി പ്രത്യേക കേസ് ആയി പരിഗണിച്ച് ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടണമെന്ന അർഹതാ മാനദണ്ഡം പരിഗണിക്കാതെ തന്നെ ഭൂമിയും വീടും അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകണമെന്നാണ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം-2 പ്രകാരം അഭ്യർത്ഥിച്ചിട്ടുള്ളത്.

2. "പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയിൽ" ഉൾപ്പെട്ടിട്ടുള്ള ഉപപദ്ധതിയുടെ നടത്തിപ്പിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പരാമർശം-1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ “2) ഉപ പദ്ധതികളുടെ അർഹതാ മാനദണ്ഡങ്ങൾ" എന്ന ശീർഷകത്തിൽ ഭവന നിർമ്മാണത്തിനും, ഭവന നിർമ്മാണത്തിനു സ്ഥലം വാങ്ങുന്നതിനുമുള്ള അർഹതാ മാനദണ്ഡങ്ങൾ വിശദീകരിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിലെ “2) ഉപ പദ്ധതികളുടെ അർഹതാ മാനദണ്ഡങ്ങൾ" എന്ന ശീർഷകത്തിൽ "ബി) ഭവന നിർമ്മാണം" എന്ന ഉപശീർഷകത്തിൽ, ഭവന നിർമ്മാണത്തിന് പരമാവധി 6 ലക്ഷം രൂപ വരെ അനുവദിക്കുന്നതിനുള്ള നിർദ്ദേശം അടങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപശീർഷകത്തിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ ഭവന നിർമ്മാണത്തിന് അപേക്ഷിക്കുന്ന വ്യക്തിയ്ക്ക് സ്വന്തം പേരിലോ അല്ലെങ്കിൽ ഭാര്യ/ഭർത്താവിന്റെ പേരിലോ ഭവന നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലവും നിലവിൽ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ആളായിരിക്കണമെന്നും നിബന്ധന ഉണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ താനൂർ മുനിസിപ്പാലിറ്റിയിലെ താമസക്കാരിയും പട്ടികജാതിയിലെ ദുർബല വിഭാഗമായ കള്ളാടി വിഭാഗത്തിൽപ്പെട്ട ശ്രീമതി. ബിൻസി ടി. (W/o സുരേഷ് ബാബു, ചക്കാലക്കൽ പറമ്പിൽ, താനൂർ)-ഉടെ വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കണമെന്ന ദീർഘനാളത്തെ ആവശ്യം കണക്കിലെടുത്തും, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും, ശ്രീമതി. ബിൻസിയുടെ അപേക്ഷ പ്രത്യേക കേസായി പരിഗണിച്ച് വകുപ്പിന്റെ "പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയിൽ" ഉൾപ്പെടുത്തി വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായത്തിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.അനിൽകുമാർ
അഡിഷണൽ സെക്രട്ടറി

1) ശ്രീമതി. ബിൻസി ടി., W/o സുരേഷ് ബാബു, ചക്കാലക്കൽ പറമ്പിൽ, താനൂർ, മലപ്പുറം.
2) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
3) ജില്ലാ പട്ടികജാതി വികസന ഓഫീസർ, മലപ്പുറം.
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
6) ഇൻഫർമേഷൻ ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ), ഐ & പി ആർ ഡി.
7) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Suchitra S S
Date: 16-04-2025 11:59:39
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.